# A

**18220** **120 MINUTES**

1. 'ഏതും കല്ലാതവർ പിഴ ചൊന്നതു കൊണ്ടൊരു
കാര്യവിരോധമിതിന്നിനി വാരാ' – കവിയാര്?

A) ചീരാമൻ B) എഴുത്തച്ഛൻ
C) കണ്ണശ്ശൻ D) അയ്യിപ്പിള്ളി ആശാൻ

2. ലീലാതിലകത്തിന് രണ്ടാമതൊരു സമ്പൂർണതർജ്ജമ തയാറാക്കിയതാര്?

A) ആറ്റൂർ കൃഷ്ണപിഷാരടി B) അപ്പൻതമ്പുരാൻ
C) ഇളംകുളം കുഞ്ഞൻപിള്ള D) കെ. വാസുദേവൻ മൂസ്

3. ഉണ്ണുനീലി സന്ദേശത്തിന് യോജിക്കാത്ത പ്രസ്താവന ഏത്?

A) പൂർവ്വ–ഉത്തരഭാഗം എന്ന് കാവ്യത്തെ വിഭജിച്ചിട്ടുണ്ട്.
B) നായികയുടെ ഗൃഹം കടുത്തുരുത്തിയാണ്. പേര് പരാമർശിച്ചിട്ടുണ്ട്
C) 14--ാം ശതകത്തിലെ കേരളീയ സാമൂഹികജീവിതത്തിന്റെ വിവിധ തലങ്ങളിലേക്ക് വെളിച്ചംവീശുന്ന കൃതിയല്ല.
D) സ്ഥലം പ്രസിദ്ധമായ മുണ്ടയ്ക്കൽ ഭവനം; രാത്രിയുടെ ഉത്തരയാമങ്ങളിൽ ഒന്നിലാകണം കഥ നടക്കുന്നത്.

4. ജെ.സി. ഡാനിയൽ അവാർഡ് നേടിയ ആദ്യവനിത.

A) കെ. സരസ്വതിയമ്മ B) കവിയൂർ പൊന്നമ്മ
C) മാവേലിക്കര പൊന്നമ്മ D) ആറന്മുള പൊന്നമ്മ

5. കഥകളും സിനിമകളും കൊടുത്തിരിക്കുന്നു. ശരിയായ ഗണം ഏത്?

| | പട്ടിക 1 | | | പട്ടിക 2 |
|---|---|---|---|---|
| a) | സ്നേഹത്തിന്റെ മുഖങ്ങൾ | – | 1) | ഭാർഗ്ഗവീനിലയം |
| b) | നഷ്ടപ്പെട്ട നീലാംബരി | – | 2) | മുറപ്പെണ്ണ് |
| c) | നീലവെളിച്ചം | – | 3) | എന്ന് സ്വന്തം ജാനകിക്കുട്ടി |
| d) | ചെറിയ ചെറിയ ഭൂകമ്പങ്ങൾ | – | 4) | മഴ |

| | a | b | c | d |
|---|---|---|---|---|
| A) | 2 | 4 | 1 | 3 |
| B) | 4 | 1 | 2 | 3 |
| C) | 4 | 3 | 1 | 2 |
| D) | 3 | 2 | 4 | 1 |

6. ചന്ദ്രോത്സവം ആദ്യമായി പ്രസിദ്ധീകരിച്ച മാസിക.

A) കവനോദയം B) വിദ്യാവിലാസിനി
C) കവനകൗമുദി D) വിദ്യാവിനോദിനി

7. ‘എങ്കിലും പിരിയുമ്പോളർഥിപ്പൂ
സകലരും സങ്കടസമന്വിതം’ – കവി, കവിത ഏത്?

A) ഒ.എൻ.വി. കുറുപ്പ് – കോതമ്പുമണികൾ
B) പി. ഭാസ്കരൻ – ഓർക്കുക വല്ലപ്പോഴും
C) ചങ്ങമ്പുഴ – സ്പന്ദിക്കുന്ന അസ്ഥിമാടം
D) റഫീക്ക് അഹമ്മദ് – തലതിരിഞ്ഞ കവിത

8. ര സ ജ ജ ഭ ര – എന്നീ ഗണനിയമങ്ങളോടുകൂടിയ വൃത്തം
A) ശാർദ്ദൂലവിക്രീഡിതം B) മന്ദാക്രാന്ത
C) ശിഖരിണി D) മല്ലിക

9. ട്രാജഡിയിൽ സമ്രാട്ടുകളുടെയും സാമ്രാജ്യങ്ങളുടെയും പതനങ്ങളും അനുകരണവിഷയങ്ങളായിരിക്കണമെന്ന് നിർദേശിച്ചതാര്?
A) അരിസ്റ്റോട്ടിൽ B) ഡാനിയലോ
C) കാസ്റ്റൽ വെട്രോ D) റോബർട്ടെല്ലി

10. ‘വാങ്ങുക കുടിക്കുക പുറത്തേക്കെറിയുക
ജീവിതം നിറച്ചൊരിക്കൂടുകൾ നാളേക്കില്ല’ – ആരുടെ കവിത? കവിത ഏത്?

A) ആറ്റൂർ രവിവർമ്മ – അർക്കം
B) പി.പി. രാമചന്ദ്രൻ – മാമ്പഴക്കാലം
C) ആശാലത – സാറാമ്മ
D) എം.ബി. മനോജ് – കൂട്ടാന്തതയുടെ എഴുപതുവർഷങ്ങൾ

11. ‘പാവം മാനവഹൃദയ’ത്തിന് അവതാരിക എഴുതിയത്?
A) ഡോ. കെ.എൻ. എഴുത്തച്ഛൻ B) എൻ.വി. കൃഷ്ണവാര്യർ
C) ഡോ. എം. ലീലാവതി D) ഡോ. കെ. അയ്യപ്പപ്പണിക്കർ

12. ശരിയായ വിഭാഗം ഏത്?

| | പട്ടിക 1 | | പട്ടിക 2 |
|---|---|---|---|
| a) | ദാത്യൂഹസന്ദേശം | 1) | ഓടാട്ടിൽ കേശവമേനോൻ |
| b) | വിപ്രസന്ദേശം | 2) | ശീവൊള്ളി |
| c) | മർക്കടസന്ദേശം | 3) | കൊച്ചുണ്ണിത്തമ്പുരാൻ |
| d) | കപോതസന്ദേശം | 4) | മൂർക്കോത്തു കുമാരൻ |

A) a-2, b-3, c-4, d-1 B) a-3, b-1, c-4, d-2
C) a-4, b-2, c-3, d-1 D) a-1, b-4, c-2, d-3

13. ‘‘തെക്കൻദിക്കിലുണ്ടായ രാമകഥപ്പാട്ടുപോലുള്ള കൃതികൾ ഒരുതരം മിശ്രസൃഷ്ടികളല്ലാതെ, മലയാള കൃതികളായി ഗണിച്ചുകൂടാ’’ – എന്നഭിപ്രായപ്പെട്ടതാര്?
A) ഡോ. കെ.എൻ. എഴുത്തച്ഛൻ B) ഇളംകുളം കുഞ്ഞൻപിള്ള
C) ശൂരനാട്ട് കുഞ്ഞൻപിള്ള D) ഉള്ളൂർ

14. ''തിന്നെടാ; നീ തിന്ന്! ഇവിടെ നീ തനിച്ചാണ്. ഇവിടെ നിന്നോടൊപ്പമുണ്ണാൻ നിന്റെ മക്കളില്ല. നീ വാരിവാരിത്തിന്ന്!'' – ഏതു കഥ? കഥാകൃത്താര്?

A) കള്ളൻ – എം.പി. നാരായണപിള്ള
B) ജന്മദിനം – ബഷീർ
C) കൊലച്ചോറ് – പുനത്തിൽ കുഞ്ഞബ്ദുള്ള
D) ഹാജിബാബാ – യു.എ. ഖാദർ

15. 'ദോഷഗ്രാഹികളില്ലാത്തുള്ളൊരു
ഭോഷജ്ഞന്മാരുടെ സഭ തുച്ഛം' – വൃത്തമേത്?

A) കാകളി
B) തരംഗിണി
C) ഊനതരംഗിണി
D) മല്ലിക

16. വൃത്തമഞ്ജരി, വൃത്തശില്പം എന്നീ കൃതികളിൽനിന്നും കേരളകൗമുദിയെ വേറിട്ടു നിർത്തുന്ന ഘടകം.

A) സംസ്കൃതവൃത്തപ്രകരണം
B) മാത്രാവൃത്തപ്രകരണം
C) ഉഭയഭാഷാവൃത്തപ്രകരണം
D) വ്യാകരണപ്രകരണം

17. പന്തളം കേരളവർമ്മയുടേതല്ലാത്ത കൃതി ഏത്?

A) നാണിക്കുട്ടി
B) തങ്കമ്മ (ഒന്നാം ഭാഗം)
C) വേണീസംഹാരം
D) തങ്കമ്മ (രണ്ടാംഭാഗം)

18. 'രമണീയാർത്ഥപ്രതിപാദകഃ ശബ്ദഃ കാവ്യം' എന്ന ജഗന്നാഥന്റെ നിർവചനത്തെ അനുസ്മരിപ്പിക്കുന്നത്.

A) കവിത താളാത്മകമായ സൗന്ദര്യം സൃഷ്ടിക്കുന്നു
B) പദ്യരൂപത്തിലുള്ള രചനയാണ് കവിത
C) ആഹ്ലാദകരമായ രൂപങ്ങൾ സൃഷ്ടിക്കാനുള്ള ശ്രമത്തിന്റെ ഫലമാണ് കല
D) വാക്കുകൾ ഉപയോഗിച്ച് മനുഷ്യന്റെ അനുഭവങ്ങളെ വിവരിക്കുന്നതാണ് കവിത അഥവാ സാഹിത്യകല

19. ചേരുംപടി ചേർക്കുക.

| | **പട്ടിക 1** | | | **പട്ടിക 2** |
|---|---|---|---|---|
| a) | കാണിക്കാർ | – | 1) | മാർഗംകളി |
| b) | പെരുവണ്ണാൻ | – | 2) | ഗദ്ദിക |
| c) | അടിയാന്മാർ | – | 3) | ചാറ്റുപാട്ട് |
| d) | ക്രിസ്ത്യാനികൾ | – | 4) | തിറ |

A) a-3, b-4, c-2, d-1
B) a-4, b-2, c-3, d-1
C) a-3, b-1, c-2, d-4
D) a-2, b-4, c-1, d-3

20. കാളീപൂജയുടെ പേരിൽ പലതരം കലാരൂപങ്ങളും പാട്ടുകളും നിർമ്മിതമായിട്ടുണ്ട്. അവയിൽപ്പെടാത്തത്

A) വടക്കൻപാട്ട്
B) മുടിയേറ്റ്
C) കളംപാട്ട്
D) തോറ്റംപാട്ട്

21. സൊസ്യൂറിന്റെ ഭാഷാചിന്തകളിൽപ്പെടാത്തത്

A) സാഹിത്യാർത്ഥം സൂചക സൂചിത വ്യവസ്ഥയുടെ പ്രവർത്തനം
B) എല്ലാം ഭാഷാനിർമ്മിതം
C) സൂചകത്തിന് ഊന്നൽ നല്കുന്നില്ല
D) ഒരു കൃതിക്ക് തന്നെ ബഹ്വർത്ഥം

22. ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മയുടെ ഭരണപരിഷ്കാരത്തിൽ ഉൾപ്പെടാത്തത്.

A) തിരുവിതാംകൂറിൽ ആദ്യത്തെ പോസ്റ്റാഫീസ് സ്ഥാപിച്ചു
B) തെക്കൻ തിരുവിതാംകൂറിൽ നിലനിന്ന ദേവദാസിസമ്പ്രദായം നിർത്തലാക്കി
C) നവീനരീതിലുള്ള ആദ്യത്തെ കയർഫാക്ടറി സ്ഥാപിച്ചു
D) ചാന്നാർസ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചു

23. ശരിയായ ഗണം ഏത്?

| പട്ടിക 1 | പട്ടിക 2 |
|---|---|
| a) ഒരു സിംഹധ്വനി | 1) കെ.പി. അപ്പൻ |
| b) അസ്തമിക്കാത്ത വെളിച്ചം | 2) എ. ബാലകൃഷ്ണപിള്ള |
| c) മരണമില്ലാത്ത വിമർശനം | 3) എം.കെ. സാനു |
| d) വിമർശനപ്രപഞ്ചത്തിലെ വെള്ളിനക്ഷത്രം | 4) എം. അച്യുതൻ |

A) a-3, b-1, c-4, d-2 B) a-2, b-3, c-4, d-1
C) a-4, b-1, c-2, d-3 D) a-3, b-2, c-1, d-4

24. 'ഠരം' എന്ന് പഴയകാലത്ത് എഴുതിയും അച്ചടിച്ചും വന്നിരുന്നത് ഏത് ആധുനിക ലിപിക്കു പകരമാണ്.

A) ഇ B) ആ C) ഈ D) ഊ

25. റൊളാങ് ബാർത്തിന്റെ കൃതിയല്ലാത്തത്

A) ഫ്രം വർക് റ്റു ടെക്സ്റ്റ്
B) തിയറി ഓഫ് ദി ടെക്സ്റ്റ്
C) സിമിയോട്ടിക്സ് ആന്റ് കോഗ്നിറ്റിവ് ഡിസ്കോഴ്സസ്
D) ഡെത്ത് ഓഫ് ദി ഓഥർ

26. സൊസ്യൂറിയൻ ഭാഷാശാസ്ത്രത്തെ തത്ത്വചിന്താപരമായ വിമർശനത്തിന് വിധേയമാക്കിയതാര്?

A) ഴാക്ക് ദെറിദ B) പെഴ്സെ
C) മിഷൽ ഫൂക്കോ D) ലൂയി അൽത്തൂസർ

27. 'ചിഹ്നങ്ങളുടെ ഒരു മണ്ഡലമാണ് പ്രത്യയശാശ്ത്രം. ചിഹ്നങ്ങളെക്കൂടാതെ പ്രത്യയശാസ്ത്രമില്ല. ചിഹ്നങ്ങളിൽ പ്രത്യയശാസ്ത്രം അലിഞ്ഞുകിടക്കുന്നു' – ആരുടെ ചിന്തയാണിത്?

A) ലൂയി അൽത്തൂസർ B) മിഖായിൽ ബാക്തിൻ
C) വ്ലാദിമിർ പ്രോപ്പ് D) ഴാക്ക് ലക്കാൻ

28. കൊല്ലവർഷം 149 – ലെ ശാസനം ഏത്?

A) തരിസാപ്പിള്ളിശാസനം B) മാമ്പള്ളിശാസനം
C) അവിട്ടത്തൂർ ശാസനം D) തിരുവല്ലാശാസനം

29. കോലത്തിരിമാരുടെ രാജകീയചിഹ്നം

A) ആന B) തോണി C) കോണി D) സിംഹം

30. 'ഫെമിനിസ്റ്റ് പ്രസ്ഥാനം – ഒരു മാർക്സിസ്റ്റ് വിലയിരുത്തൽ' എന്ന ഗ്രന്ഥം രചിച്ചത്?

A) ഇ.എം.എസ്. B) ജ്യോതിബസു
C) വിമൽ രണദിവെ D) പി. ഗോവിന്ദപ്പിള്ള

31. 'വാച്യാർത്ഥം' ഭാഗികമായി ഉപേക്ഷിക്കയും ഭാഗികമായി നിലനിർത്തുകയും ചെയ്താൽ
   A) ലക്ഷണ B) ജഹല്ലക്ഷണ
   C) അജഹല്ലക്ഷണ D) ജഹദജഹല്ലക്ഷണ

32. സൂത്രരൂപത്തിൽ എഴുതപ്പെട്ട ആദ്യത്തെ അലങ്കാരഗ്രന്ഥം
   A) കാവ്യാലങ്കാരസ്വരൂപം B) കാവ്യപ്രകാശം
   C) കാവ്യാലങ്കാരസൂത്രവൃത്തി D) അലങ്കാരസർവ്വസ്വം

33. എഴുത്തച്ഛൻപുരസ്കാരലബ്ധി സംബന്ധിച്ച ശരിയായ ഗണം ഏത്?
   A) എം.പി. അപ്പൻ, കെ.പി. നാരായണപിഷാരടി, ഒ.വി. വിജയൻ, പാലാ നാരായണൻനായർ
   B) കെ.പി. നാരായണപിഷാരടി, പാലാ നാരായണൻനായർ, ഒ.വി. വിജയൻ, എം.പി. അപ്പൻ
   C) എം.പി. അപ്പൻ, കെ.പി. നാരായണപിഷാരടി, പാലാനാരായണൻനായർ, ഒ.വി. വിജയൻ
   D) ഒ.വി. വിജയൻ, പാലാനാരായണൻനായർ, എം.പി. അപ്പൻ, കെ.പി. നാരായണപിഷാരടി

34. 'കാണാൻ സഹായിക്കുന്നതും നവനവങ്ങളായ ഉല്ലേഖങ്ങൾ അയാളുടെ ഹൃദയത്തിൽ ആവിർഭവിക്കുന്നതുമായ ഒരസാധാരണ സിദ്ധിവിശേഷമാണ് പ്രതിഭ' – ആരുടെ നിർവചനം?
   A) ഭട്ടതൗതൻ B) ലൊല്ലടൻ
   C) രുയ്യകൻ D) ഭട്ടനായകൻ

35. ചന്ദ്രമുഖീവിലാസത്തിന്റെ സവിശേഷതയല്ലാത്തത്.
   A) സി.വി. രാമൻപിള്ള 1884–ൽ എഴുതി അരങ്ങേറിയ പ്രഹസനം
   B) ഗദ്യപദ്യങ്ങൾ ഇടകലർന്ന മട്ടിലാണ് രചന
   C) രചനയിൽ ഇംഗ്ലീഷും സംസ്കൃതവും ഇടകലർത്തി പ്രയോഗിച്ചിട്ടുണ്ട്
   D) ഭാവത്തിന്, ചാക്യാർകൂത്തിന്റെ പരിഹാസരീതിയല്ല അവലംബിച്ചിട്ടുള്ളത്.

36. 'കവികൾ ലോകത്തിലെ അംഗീകാരം നേടിയിട്ടില്ലാത്ത നിയമസഭാംഗങ്ങളാണ്' – ആരുടെ വാക്കുകൾ?
   A) ഷെല്ലി B) കോളറിഡ്ജ്
   C) വേർഡ്സ്വർത്ത് D) ജോൺസൺ

37. 'നാട്ടെഴുത്തശ്ശന്മാർ' എന്ന ലേഖനം ആദ്യമായി പ്രസിദ്ധീകരിച്ച മാസിക.
   A) വിദ്യാവിലാസിനി B) മംഗളോദയം
   C) വിദ്യാവിനോദിനി D) കവനോദയം

38. 'സി.വി. രാമൻപിള്ള' എന്ന ജീവചരിത്രഗ്രന്ഥത്തിന് അവതാരിക എഴുതിയത്
   A) എൻ.വി. കൃഷ്ണവാര്യർ B) കെ.ആർ. കൃഷ്ണപിള്ള
   C) എൻ. കൃഷ്ണപിള്ള D) എം.കെ. സാനു

39. 'ഞാനൊരു ആത്മകഥയെഴുതിയാൽ അതൊരു സംഭവമായിരിക്കും' എന്നു പറഞ്ഞതാര്?
   A) ഒ.എൻ.വി. കുറുപ്പ് B) സി.എൻ. ശ്രീകണ്ഠൻനായർ
   C) ടി. പത്മനാഭൻ D) സി.ജെ. തോമസ്

40. 'അസതി' എന്ന നാടകം രചിച്ചതാര്
   A) എൻ.വി. കൃഷ്ണവാര്യർ B) വയലാ വാസുദേവൻപിള്ള
   C) കൈനിക്കര കുമാരപിള്ള D) നരേന്ദ്രപ്രസാദ്

41. ‘ജീവിതപ്പാത’യ്ക്ക് അവതാരിക രചിച്ചത്

A) സുകുമാർ അഴീക്കോട്
B) ഇ.എം.എസ്.
C) സി. അച്യുതമേനോൻ
D) പ്രൊഫ. എൻ. കൃഷ്ണപിള്ള

42. കല്ലേൻ പൊക്കുടൻ നട്ടുവളർത്തിയ കണ്ടൽ ഏത്?

A) അപ്പചപ്പ
B) ചക്കരക്കണ്ടൽ
C) പ്രാന്തൻകണ്ടൽ
D) പോട്ട കണ്ടൽ

43. ശരിയായ ഗണം ഏത്?

| | പട്ടിക 1 | | പട്ടിക 2 |
|---|---|---|---|
| a) | റൊളാങ്ബാർത്ത് | 1) | എ തിയറി ഓഫ് സിമിയോട്ടിക്സ് |
| b) | ഫെർഡിനന്റ് ഡി സൊസ്യൂർ | 2) | ഡിസയർ ഇൻ ലാംഗ്വേജ് |
| c) | ഉമ്പർട്ടൊ ഇക്കോ | 3) | എ കോഴ്സ് ഇൻ ലിംഗ്വിസ്റ്റിക്സ് |
| d) | ജൂലിയ ക്രിസ്തേവ | 4) | എലമെന്റ്സ് ഓഫ് സിമിയോളജി |

A) a-4, b-3, c-1, d-2
B) a-3, b-4, c-2, d-1
C) a-1, b-3, c-4, d-2
D) a-2, b-1, c-2, d-3

44. ഭാഷയെന്നാൽ ഒരു ചിഹ്നവ്യവസ്ഥയാണ്. അതിനെ മനസ്സിലാക്കാൻ ഏകകാലികമായ സമീപനം കൂടിയേ കഴിയൂ എന്നുള്ള തിരിച്ചറിവാണ് .................എന്ന ചിന്തകനെ ഘടനാവാദപരമായ സമീപനത്തിലേക്ക് നയിച്ചത്.

A) സൊസ്യൂർ
B) പെഴ്സെ
C) ഴാക്ക് ദെറിദ
D) ഴാക്ക് ലക്കാൻ

45. മുറ്റുവിനയ്ക്ക് സംസ്കൃതത്തിൽ പറയുന്ന പേര്

A) അംഗക്രിയ
B) കരോതി
C) കുർവത്തു
D) ക്രിയാംഗം

46. മൺ+തീതു – മണ്ടീതു എന്നാകുന്നത് ഏത് സന്ധിപ്രകാരം

A) ണസ്തസ്യടഃ
B) ണോ നോ ണഃ
C) ളോ ണോ നേ
D) നേ നഃ

47. അലങ്കാരശാസ്ത്രവും ശബ്ദശാസ്ത്രവും കൂടിക്കലർന്ന ഗ്രന്ഥമാണ്

A) കേരളകൗമുദി
B) ലീലാതിലകം
C) ഭാഷാഭൂഷണം
D) സാഹിത്യഭൂഷണം

48. ‘യാദവർക്കു കുരുപാണ്ഡവാദിയിൽ
ഭേദമെന്തു നിരുപിച്ചുനോക്കുകിൽ’ – വൃത്തമെന്ത്?

A) ശാലിനി
B) ഉപജാതി
C) രഥോദ്ധതാ
D) സ്വാഗതം

49. വട്ടം+പലക – വട്ടപ്പലക എന്നാകുന്നത് ഏത് സന്ധിപ്രകാരം?

A) ണസ്തസ്യടഃ
B) ക്വചില്ലോപഃ
C) ളോ ണോ നേ
D) റുട്ടോർ ദ്വിത്വം ച

50. മാനസികപ്രശ്നങ്ങളുടെ അപഗ്രഥനത്തിന് മുൻതൂക്കം നല്കിയ ‘സ്വപ്നാടനം’ എന്ന ചലച്ചിത്രം സംവിധാനം ചെയ്തതാര്?

A) പി.എ. ബക്കർ
B) കെ.പി. കുമാരൻ
C) കെ.ജി. ജോർജ്
D) അരവിന്ദൻ

51. ജനപ്രിയമാധ്യമങ്ങളെയും സംസ്കാരരൂപങ്ങളെയും ഭരണകൂടത്തിന്റെ പ്രത്യയശാസ്ത്ര ഉപകരണങ്ങളായി ചിത്രീകരിച്ചതാര്?

A) ലൂയി അൽത്തൂസർ B) മിഷൽ ഫൂക്കോ
C) സ്റ്റ്യുവർട്ട് ഹാൾ D) റിച്ചാർഡ് ഹൊഗാർട്ട്

52. കർഷകത്തൊഴിലാളിസംഘം രൂപീകരിക്കാൻ നേതൃത്വം നല്കിയ സവർണനേതാക്കൾ സ്വന്തം വർഗതാല്പര്യം സംരക്ഷിക്കാൻ തൊഴിലാളികളെ ഒറ്റിക്കൊടുക്കുന്നതും തൊഴിലാളികൾ നേരിട്ടു സമരം നയിക്കുന്നതുമായ ഇതിവൃത്തമുള്ള കൃതി.

A) രണ്ടിടങ്ങഴി B) കൂട്ടുകൃഷി
C) കറ്റയും കൊയ്ത്തും D) ചങ്ങലകൾ നുറുങ്ങുന്നു

53. 'തർജ്ജമയുടെ താക്കോൽ' എന്ന ഗ്രന്ഥം രചിച്ചതാര്?

A) സ്കറിയസക്കറിയ B) സി.വി. വാസുദേവഭട്ടതിരി
C) എൻ.വി. കൃഷ്ണവാര്യർ D) എം.പി. സദാശിവൻ

54. തുപ്പൻനമ്പൂതിരി, കൃഷ്ണക്കുറുപ്പ്, കുമാരൻനായർ എന്നീ ത്രിമൂർത്തി നടത്തുന്ന പ്രണയപ്പന്തയങ്ങൾ ആരുടെ കഥകൾക്കാണ് വിഷയമായത്.

A) കെ. സുകുമാരൻ B) ഇ.വി. കൃഷ്ണപിള്ള
C) മൂർക്കോത്തു കുമാരൻ D) അമ്പാടി നാരായണപ്പൊതുവാൾ

55. 'ദൈവമേ കൈതൊഴാം കേൾക്കുമാറാകണം' എന്ന പ്രാർത്ഥനാഗാനം രചിച്ചത്?

A) ശ്രീനാരായണഗുരു B) പന്തളം കേരളവർമ്മ
C) ജി. ശങ്കരക്കുറുപ്പ് D) കുമാരനാശാൻ

56. പ്രതിഗ്രാഹികാവിഭക്തിയുടെ കാരകമേത്?

A) കർത്തൃകാരകം B) കർമ്മകാരകം
C) സാക്ഷി കാരകം D) കരണകാരകം

57. ചേരുംപടി ചേർത്തെഴുതുക.

| | പട്ടിക 1 | | പട്ടിക 2 |
|---|---|---|---|
| a) | ചക്കീചങ്കരം | 1) | ആക്ഷേപഹാസ്യം |
| b) | ഗാന്ധിയും ഗോഡ്സെയും | 2) | ഫലിതം |
| c) | ഘോഷയാത്ര | 3) | കാർട്ടൂൺകവിത |
| d) | കടുക്ക | 4) | പരിഹാസം |

A) a-4, b-1, c-2, d-3 B) a-4, b-3, c-1, d-2
C) a-3, b-1, c-2, d-4 D) a-2, b-3, c-4, d-1

58. വയലാർ അവാർഡ് ലഭിച്ചിട്ടില്ലാത്ത സാഹിത്യകാരൻ

A) കെ. സുരേന്ദ്രൻ B) തിക്കൊടിയൻ
C) എം.വി. ദേവൻ D) വൈക്കം മുഹമ്മദ് ബഷീർ

59. "ഫൂ – കാട്ടുപോത്ത്! രസം അവളുടെ വഴിക്കേ പോയിട്ടില്ല. മണമില്ലാത്ത പൂവിനേയും കപ്പില്ലാത്ത കല്ലിനേയും ഗുണമണിയാത്തവർ അണിയും" – കൃതിയേത്.

A) ധർമ്മരാജാ B) മാർത്താണ്ഡവർമ്മ
C) ശാരദ D) പ്രേമാമൃതം

60. താഴെപ്പറയുന്ന കഥാപാത്രജോഡിയും കൃതിയും പട്ടികപ്പെടുത്തുക.

| പട്ടിക 1 | പട്ടിക 2 |
|---|---|
| a) കേശവനാശാൻ, നാരായണിയമ്മ | 1) പ്രേമലേഖനം |
| b) ഗൗരി, കർമ്മചന്ദ്രൻ | 2) അഴിമുഖത്തേക്ക് |
| c) കാർത്തി, ശങ്കുമേനോൻ | 3) ഭൂമിയുടെ പൊക്കിൾ |
| d) കേശവൻനായർ, സാറാമ്മ | 4) സൂഫി പറഞ്ഞ കഥ |

A) a-2, b-3, c-4, d-1
B) a-4, b-3, c-2, d-1
C) a-3, b-1, c-4, d-2
D) a-2, b-4, c-1, d-3

61. ''എനിക്ക് ഒരുപാടനുഭവങ്ങളുണ്ട്. ചുട്ടുനീറുന്ന കുറെയധികം അനുഭവങ്ങളും പേനയും അല്ലാതെ മറ്റുള്ളതൊന്നും ഉണ്ടായിരുന്നില്ല'' – ആരുടെ വാക്കുകൾ.

A) യു.എ. ഖാദർ
B) ബഷീർ
C) എം.ടി.
D) പി. കേശവദേവ്

62. മുല്ലവള്ളി എന്ന വാക്കിലെ 'വ്'കാരം ഇരട്ടിക്കാത്തത് എന്തുകൊണ്ട്?

A) ഉത്തരപദപ്രധാനമാകയാൽ
B) വിശേഷണ വിശേഷ്യമല്ലാത്തതിനാൽ
C) ദ്വന്ദ്വസമാസമായതിനാൽ
D) 'വ്'കാരം ദൃഢമല്ലാത്തതിനാൽ

63. ഏകാർത്ഥപ്രതീതി സൃഷ്ടിച്ചുകൊണ്ടുതന്നെ ഘടകപദങ്ങൾ വേറിട്ട് നിലകൊള്ളുന്ന സമാസത്തിന് ................. എന്ന് പറയുന്നു.

A) വ്യവഹിതസമാസം
B) അവ്യയീഭാവസമാസം
C) തത്പുരുഷസമാസം
D) ബഹുവ്രീഹി സമാസം

64. 'സുകൃതമില്ലാതവർക്കു സുചിരം പ്രയത്നംകൊണ്ടും
സുജനസംഗമമുണ്ടോ സുലഭമായി വരുന്നു' – കൃതി, അലങ്കാരം ഏവ?

A) നളചരിതം – കാവ്യലിംഗം
B) ലീല – അപ്രസ്തുതപ്രശംസ
C) ചിന്താവിഷ്ടയായ സീത – വ്യതിരേകം
D) ഉത്തരാസ്വയംവരം – കാവ്യലിഗം

65. രൂപപഠനത്തിന് സഹായകമായ കൃതികൾ ഏവ?

A) ഹാംലറ്റ് – ഉമ്മാച്ചു
B) വിക്ടോറിയ – ബാല്യകാലസഖി
C) മേഘസന്ദേശം – ഉണ്ണുനീലിസന്ദേശം–മയൂരസന്ദേശം
D) റോമിയോ – ലീല – ലൈലാമജ്നു

66. പാതിരിമലയാളവുമായി ബന്ധമില്ലാത്തത്.

A) മലയാളഭാഷയുടെ മറ്റൊരു വികൃതരൂപം
B) സാധാരണക്കാർക്കു മനസ്സിലാകുന്ന ഒരുതരം ഗദ്യം
C) സാമാന്യവ്യവഹാരഭാഷയിൽ പ്രയോഗത്തിലിരുന്ന പദങ്ങളല്ല അവർ ഉപയോഗിച്ചത്
D) ക്രിസ്തുമതപ്രചരണാർത്ഥം കേരളത്തിൽ വന്ന മിഷനറിമാരാണ് ഇത്തരമൊരു ഭാഷ ഇവിടെ പ്രചരിപ്പിച്ചത്.

67. മൂഴിക്കുളം കച്ചവുമായി ബന്ധമില്ലാത്തത്.

A) ക്ഷേത്രവസ്തുക്കളുടെ ദുർവിനിയോഗം നിയന്ത്രിക്കുക
B) ഊരാളന്മാരുടെ പ്രവൃത്തികളെ നിയന്ത്രിക്കുക
C) ജന്മിമാർ കുടിയാന്മാരെ ദ്രോഹിക്കുന്നത് അവസാനിപ്പിക്കാൻ
D) ക്ഷേത്രവക സ്വത്തുക്കളും മറ്റും കുടിയാന്മാർക്കും ദേവദാസികൾക്കും നല്കുന്നതിനു വേണ്ടി

68. ശരിയായ ഗണം പട്ടികപ്പെടുത്തുക.

| പട്ടിക 1 | പട്ടിക 2 |
|---|---|
| a) എൻ.കെ. രവീന്ദ്രൻ | 1) കേരളത്തിലെ സ്ത്രീമുന്നേറ്റങ്ങളുടെ ചരിത്രം |
| b) ജെ. ദേവിക | 2) സ്ത്രീ സ്ത്രീവാദം, സ്ത്രീ വിമോചനം |
| c) കെ. ശാരദാമണി | 3) സ്ത്രീവാദം |
| d) സി.എസ്. ചന്ദ്രിക | 4) ഫെമിനിസ്റ്റ് സാഹിത്യസമീപനം |

A) a-4, b-2, c-1, d-3 B) a-3, b-4, c-2, d-1
C) a-4, b-3, c-2, d-1 D) a-3, b-1, c-4, d-2

69. സ്വന്തം വ്യാകരണത്തെ പ്രജനകം എന്ന് വിശേഷിപ്പിച്ചതാര്?
A) സൊസ്യൂർ B) ചോംസ്കി
C) ഴാക്ക്ലക്കാൻ D) ഴാക്ക് ദെറിദ

70. അനുപ്രയോഗങ്ങളെ 'സഹായക്രിയകൾ' എന്നു വിളിച്ചിരുന്നതാര്?
A) കേരളപാണിനി B) കോവുണ്ണി നെടുങ്ങാടി
C) ഗുണ്ടർട്ട് D) ശേഷഗിരിപ്രഭു

71. മാടം, മടയൻ എന്നീ വാക്കുകൾ ഏത് അർത്ഥഭേദരീതിക്ക് ഉദാഹരണമാണ്.
A) അർത്ഥസങ്കോചം B) അർത്ഥാപകർഷം
C) അർത്ഥാദേശം D) അർത്ഥോത്കർഷം

72. 'ഉണ്ടു ചിറകെന്നോർത്തു മക്ഷിക
പക്ഷീന്ദ്രനോടുതുല്യം പറന്നീടുമോ?' – കവി, കൃതി ഏവ?
A) കുമാരനാശാൻ – ചിന്താവിഷ്ടയായ സീത
B) ഉണ്ണായിവാര്യർ – നളചരിതം
C) കോട്ടയത്തുതമ്പുരാൻ – നിവാതകവചകാലകേയവധം
D) എഴുത്തച്ഛൻ – അദ്ധ്യാത്മരാമായണം കിളിപ്പാട്ട്

73. 'വിരസമായ നിത്യജീവിതത്തിൽ മനുഷ്യർക്കുണ്ടാവുന്ന മന്ദത, മാനസികമായ അലസത, കുടഞ്ഞുകളയുന്നതാണ് ട്രാജഡിയുടെ ആനന്ദത്തിന് കാരണം' – വക്താവാര്?
A) മാഗി B) ജോൺസൺ
C) ആബ്ബെ ഡൂ ബോസ് D) അരിസ്റ്റോട്ടിൽ

74. മിസ്റ്ററി പ്ലേയ്സ് പ്രതിനിധീകരിച്ചിരുന്നത് .................... കഥകളെയാണ്.
A) ബൈബിൾ B)പുരാണം
C) പഞ്ചതന്ത്രം D) ഈസോപ്പ് കഥകൾ

75. 'അടുത്ത ഒരു ജന്മമുണ്ടെങ്കിൽ ഒരു നാടോടിയായി മരിക്കുവോളം ലോകം മുഴുവൻ അലഞ്ഞു നടക്കാനാണ് മോഹം' – ആരുടെ വാക്കുകൾ.
A) രാജൻ കാക്കനാടൻ B) എസ്.കെ. പൊറ്റെക്കാട്
C) വയലാർ രാമവർമ്മ D) ഡി. ബാബുപോൾ

76. പ്രബോധ്കുമാർ സന്യാലിന്റെ 'യാത്രിക്' എന്ന ആഖ്യായികയ്ക്കു സമാനമായി മലയാളത്തിൽ ചൂണ്ടിക്കാണിക്കാവുന്ന യാത്രാവിവരണം.
A) പുരുഷാന്തരങ്ങളിലൂടെ B) ബാലിദ്വീപ്
C) ഹിമവാന്റെ മുകൾത്തട്ടിൽ D) അമർനാഥ് ഗുഹയിലേക്ക്

77. പട്ടികപ്പെടുത്തുക

| പട്ടിക 1 | | പട്ടിക 2 | |
|---|---|---|---|
| a) | തിക്കോടിയൻ | 1) | വേഷങ്ങൾ |
| b) | കെ. സുരേന്ദ്രൻ | 2) | നഷ്ടക്കച്ചവടം |
| c) | കൈനിക്കര കുമാരപിള്ള | 3) | പുഷ്പവൃഷ്ടി |
| d) | സി.എൻ. ശ്രീകണ്ഠൻനായർ | 4) | പളുങ്കുപാത്രം |

A) a-3 ,b-4, c-1, d-2
B) a-3, b-1, c-2, d-4
C) a-4, b-3, c-2, d-1
D) a-2, b-1, c-4, d-2

78. പൂർവപദത്തിലുള്ള ലിംഗവചനപ്രത്യയങ്ങൾക്കു ലോപമില്ലാത്ത സമാസം.

A) തത്പുരുഷസമാസം
B) അലുപ്താഖ്യസമാസം
C) കർമ്മധാരയസമാസം
D) ബഹുവ്രീഹിസമാസം

79. വാൾ+മേൽ – വാണ്മേൽ എന്നാകുന്നതിന് ആധാരമായ സന്ധി.

A) നേ നഃ
B) ളോ ണോ നേ
C) അന്യേഭ്യശ്ച
D) ക്വചില്ലോപഃ

80. ശരിയായ ഗണം ഏത്?

| പട്ടിക 1 | | പട്ടിക 2 | |
|---|---|---|---|
| a) | ഫെർഡിനന്റ് ഡി സൊസ്യൂർ | 1) | മിത്തോളജീസ് |
| b) | പെഴ്സെ | 2) | ചിഹ്നവിജ്ഞാനം |
| c) | റൊളാങ്ബാർത്ത് | 3) | ചിഹ്നശാസ്ത്രം |
| d) | ഴാക്ക് ദെറിദ | 4) | എഴുത്തുശാസ്ത്രം |

A) a-2, b-3, c-1, d-4
B) a-3, b-2, c-4, d-1
C) a-4, b-3, c-2, d-1
D) a-2, b-4, c-3, d-1

81. 'താരുണ്യവേഗത്തിൽ വധൂജനങ്ങൾ
പിന്നിട്ടിടുന്നു പുരുഷവ്രജത്തെ
മരംതളിർക്കാൻ തുടരുമ്പൊഴേയ്ക്കു–
മൊപ്പം മുളച്ചീടിന വല്ലിപൂത്തു'! – വൃത്തവും അലങ്കാരവും ഏവ?

A) ഉപേന്ദ്രവജ്ര – ദൃഷ്ടാന്തം
B) ശാലിനി – ദൃഷ്ടാന്തം
C) ഉപജാതി – ദൃഷ്ടാന്തം
D) ഉപജാതി – നിദർശന

82. 'വരുങ്കാലം' എന്ന രൂപം താഴെക്കൊടുത്തിരിക്കുന്ന ഏതു കാരികയ്ക്ക് ഉദാഹരണമാണ്.

A) മകാരം താനനുസ്വാരം
സ്വരം ചേർന്നാൽ തെളിഞ്ഞിടും
B) വർഗ്ഗ്യങ്ങൾ പരമായ്‌വന്നാൽ
അതാതിൻ പഞ്ചമം വരാം
C) കൽടാവുകൾക്കില്ലിതത്രേ
അതിപ്രസരമെന്നത്
D) പ്രത്യയസ്വരമേല്ക്കുമ്പോ–
ളിരട്ടിച്ച തകാരമാം

83. കഴുതച്ചുണ്ടിന്റെ ആകൃതിയിലുള്ള ലിപി, വലത്തുനിന്ന് ഇടത്തോട്ട് എഴുതുന്നു. ഭാരതത്തിന്റെ പശ്ചിമോത്തരഭാഗങ്ങളിൽ ഈ ലിപി പ്രചാരത്തിലുണ്ടായിരുന്നു – ലിപി ഏത്?

A) അശോകലിപി B) ദേവനാഗരി C) ദ്രാവിഡി D) ഖരോഷ്ഠി

84. 'ആശാൻ പ്രസ്തുതകൃതി മലയാളത്തിൽ രചിക്കാത്തത് മലയാളകവികളുടെ ഭാഗ്യമാണ്; മലയാള ദൗർഭാഗ്യവും' – കൃതി ഏത്? പറഞ്ഞതാര്?

A) രാമകഥപ്പാട്ട് – പി. ഗോവിന്ദപ്പിള്ള
B) രാമകഥപ്പാട്ട് – അയ്യിപ്പിള്ളി ആശാൻ
C) രാമകഥപ്പാട്ട് – ഉള്ളൂർ
D) രാമകഥപ്പാട്ട് – പി.കെ. നാരായണപ്പണിക്കർ

85. 'ഉഴുതുമറിഞ്ഞ കാലത്തിന്റെ സൂര്യനായിരുന്നു ഇടശ്ശേരി; അകലെ കുഞ്ഞിരാമൻ നായർ എന്ന കടലും' – ആരാണിങ്ങനെ പറഞ്ഞത്?

A) സച്ചിദാനന്ദൻ  B) ബാലചന്ദ്രൻ ചുള്ളിക്കാട്
C) കെ.ജി. ശങ്കരപ്പിള്ള  D) ആറ്റൂർ രവിവർമ്മ

86. കൃഷ്ണഗാഥാവൃത്തത്തിൽ കുഞ്ചൻനമ്പ്യാർ രചിച്ച കാവ്യം

A) ശീലാവതി പത്തുവൃത്തം  B) ഇരുപത്തിനാലുവൃത്തം
C) ശിവരാത്രിമാഹാത്മ്യം  D) ശ്രീകൃഷ്ണചരിതം മണിപ്രവാളം

87. കവിതയെ ഒരു ജൈവവസ്തുവായി ആദ്യം സങ്കല്പിച്ചതാര്?

A) പ്ലേറ്റോ  B) അരിസ്റ്റോട്ടിൽ
C) ഷെല്ലി  D) കോളറിഡ്ജ്

88. ശരിയായ ഗണം ഏത്?

| | പട്ടിക 1 | | പട്ടിക 2 |
|---|---|---|---|
| a) | നായർപട്ടാളം ലഹള | 1) | 1936 |
| b) | കുറിച്യർ ലഹള | 2) | 1858 |
| c) | ചാന്നാർ ലഹള | 3) | 1804 |
| d) | പട്ടിണി ജാഥ | 4) | 1812 |

A) a-3, b-4, c-2, d-1  B) a-1, b-3, c-4, d-2
C) a-1, b-2, c-3, d-4  D) a-4, b-1, c-2, d-3

89. 'സത്യമല്ല, ആനന്ദമാണു കാവ്യത്തിന്റെ ലക്ഷ്യം. പൂർണമായ ആനന്ദം വിവിധ ഘടകങ്ങൾ അവിഭാജ്യമായി ഇണങ്ങിച്ചേർന്ന സമഗ്രരൂപത്തിൽ നിന്നാണു സിദ്ധിക്കുന്നത്. പൂർണരൂപത്തിലെ വിവിധാംഗങ്ങൾക്ക് സമഗ്രഭാവത്തിനനുരൂപവും സവിശേഷവുമായ ആഹ്ലാദം ജനിപ്പിക്കാൻ കഴിയും' – കാവ്യത്തിന് നല്കുന്ന ഈ നിർവചനം ആരുടേത്?

A) കോളറിഡ്ജ്  B) ടി.എസ്. എലിയട്ട്
C) ഷെല്ലി  D) വില്യം വേർഡ്സ്വർത്ത്

90. ശ്വാസി, നാദി എന്നീ വർണങ്ങൾ ഭേദിക്കുന്നത്.

A) കാരണവിഭ്രമത്താൽ  B) സംസർഗത്താൽ
C) മാർഗഭേദത്താൽ  D) അനുപ്രഭാവത്താൽ

91. 'തർജ്ജമ ഭാര്യയെപ്പോലെയാണ്. സുന്ദരിയെങ്കിൽ അവിശ്വസ്ത. വിശ്വസ്തയെങ്കിൽ വിരൂപ' – ഏത് ഭാഷയിലെ പഴമൊഴി?

A) ഫ്രഞ്ച്  B) റഷ്യൻ  C) ജർമ്മൻ  D) ഗ്രീക്ക്

92. എം.പി. സുകുമാരൻ നായരുടെ 'കഴകം' സിനിമയ്ക്കാധാരമായ കഥ ഏത്? ആരുടേത്?

A) നാലാമത്തെ ആണി – ആനന്ദ്  B) തിത്തുണ്ണി – എം. സുകുമാരൻ
C) ലോല – പി. പത്മരാജൻ  D) മായക്കണ്ണൻ – അക്ബർ കക്കട്ടിൽ

93. 'തൗസന്റ് ഡെയ്സ് ആന്റ് എ ഡ്രീം' എന്ന ഡോക്യുമെന്ററിയുടെ സംവിധായകർ ആരെല്ലാം?

A) രൂപേഷ്കുമാർ, പി. ബാബുരാജ്  B) സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്
C) അമുതൻ, ശ്രീമിത്ത്  D) കെ.പി. ശശി, എം.എ. റഹ്മാൻ

94. ഉപമാനോപമേയത്വം മറിച്ചിട്ടാൽ കിട്ടുന്ന അലങ്കാരം

A) പ്രതീപം  B) രൂപകം  C) മാലോപമ  D) വ്യതിരേകം

95. സംഭോഗശൃംഗാരം, വിപ്രലംഭശൃംഗാരം, കരുണം, ശാന്തം എന്നിവയിൽ മാധുര്യത്തിന് ഉത്തരോത്തരം ഉത്കർഷം ഏറിവരുന്നു' – വക്താവാര്?

A) ഭട്ടനായകൻ B) ഭട്ടതൗതൻ C) മമ്മടൻ D) ഭാമഹൻ

96. കേരളത്തിലെ ആദിമനുഷ്യരുടെ ആത്മാവിലെ ഭക്തി, ശോകം എന്നീ രണ്ടു വികാരങ്ങളാണ് കിളിപ്പാട്ടുവൃത്തങ്ങളായത് – ആരുടെ അഭിപ്രായം?

A) പി. രാമൻ B) ഉള്ളൂർ
C) ഏ.ആർ. D) കുട്ടികൃഷ്ണമാരാര്

97. ജേഴ്സി ഗ്രതോവ്സ്കി ആവിഷ്കരിച്ച നാടകവേദി

A) അസംബന്ധനാടകവേദി B) കൗതുകനാടകവേദി
C) ദരിദ്രനാടകവേദി D) ബോധനനാടകവേദി

98. സ്കൂൾ ഓഫ് ഡ്രാമയുടെ ആദ്യത്തെ 'സാകേതം' നാടകരചനാപുരസ്കാരം ലഭിച്ചതാർക്ക്?

A) സജിതമഠത്തിൽ B) ശ്രീജ ആറങ്ങോട്ടുകര
C) ലളിതാംബികാ അന്തർജ്ജനം D) ദേവകി നിലയങ്ങോട്

99. 'ഡോക്ടർ പരമ രഹസ്യമായി ഗർജിച്ചു; ബ്ലഡീഫൂൾ. അക്വാ മീൻസ് വാട്ടർ!' – ആരുടെ ഏത് ആത്മകഥയിലെ വരിയാണിത്?

A) പി. കുഞ്ഞിരാമൻനായർ – കവിയുടെ കാല്പാടുകൾ
B) ബഷീർ – ഓർമ്മയുടെ അറകൾ
C) ഇ.വി കൃഷ്ണപിള്ള – ജീവിതസ്മരണകൾ
D) സി. കേശവൻ – ജീവിതസമരം

100. 'മലയാളഭാഷയുടെ പിതാവ് തുഞ്ചത്തെഴുത്തച്ഛനാണെങ്കിൽ മലയാളഗാനങ്ങളുടെ പിതാവ് പി. ഭാസ്കരൻ ആണ്' – ആരുടെ അഭിപ്രായം.

A) യൂസഫലി കേച്ചേരി B) പൂവച്ചൽ ഖാദർ
C) മുല്ലനേഴി D) ഗിരീഷ് പുത്തഞ്ചേരി

101. ശരിയായ ഗണം ഏത്?

| | പട്ടിക 1 | | പട്ടിക 2 |
|---|---|---|---|
| a) | കാവ്യം തു ജായതേ ജാതു കസ്യചിത് പ്രതിഭാവതഃ | 1) | അഭിനവഗുപ്തൻ |
| b) | വിശിഷ്ടപദരചനാരീതിഃ | 2) | ഭാമഹൻ |
| c) | പ്രതിഭാ അപൂർവ്വവസ്തുനിർമ്മാണ ക്ഷമാപ്രജ്ഞാ | 3) | ക്ഷേമേന്ദ്രൻ |
| d) | ഔചിത്യം രസസിദ്ധസ്യ സ്ഥിരം കാവ്യസ്യ ജീവിതം | 4) | വാമനൻ |

A) a-3, b-4, c-2, d-1 B) a-2, b-4, c-1, d-3
C) a-2, b-3, c-1, d-4 D) a-1, b-2, c-3, d-4

102. ശ്രീനാരായണഗുരു രചിച്ച 'നവമഞ്ജരി' സമർപ്പിച്ചിരിക്കുന്നതാർക്ക്?

A) അയ്യാഗുരുവിന് B) കുമാരനാശാന്
C) ചട്ടമ്പിസ്വാമികൾക്ക് D) ശങ്കരാചാര്യർക്ക്

103. എം.ടി. വാസുദേവൻ നായരുടേതല്ലാത്ത തിരക്കഥ.

A) വൈശാലി B) നഖക്ഷതങ്ങൾ
C) കടത്തുകാരൻ D) കൃതജ്ഞതയോടെ

104. 'കഴുതപ്പുറത്ത് ചെണ്ടക്കാരൻ' ഏത് പ്രസിദ്ധീകരണത്തിന്റെ മുദ്രയാണ്?

| | | | |
|---|---|---|---|
| A) | തളിര് | B) | ശങ്കേഴ്സ് വീക്കിലി |
| C) | ഗ്രന്ഥാലോകം | D) | കേരള സുഗുണബോധിനി മാസിക |

105. 'മരങ്ങൾക്കിടയിൽ ഒരു മൊണാസ്ട്രി' ഏതു വിഭാഗത്തിൽപ്പെടുന്നു? ആരുടെ കൃതി?

| | | | |
|---|---|---|---|
| A) | നോവൽ – ജേക്കബ് ഏബ്രഹാം | B) | കഥ – സുസ്മേഷ് ചന്ത്രോത്ത് |
| C) | കവിത – വിജയലക്ഷ്മി | D) | നോവൽ – ബന്യാമിൻ |

106. പുലയർ ആദിദ്രാവിഡരുടെ പിൻമുറക്കാരാണ് എന്ന് പ്രഖ്യാപിച്ച് 1921–ൽ 'ചേരമർ സംഘം' സ്ഥാപിച്ചതാര്?

| | | | |
|---|---|---|---|
| A) | അയ്യങ്കാളി | B) | കെ.പി. കറുപ്പൻ |
| C) | പാമ്പാടി ജോൺ | D) | പാമ്പാടി ജോർജ് മാത്തൻ |

107. സ്ത്രീകൾ മാത്രം കെട്ടുന്ന 'ദേവക്കൂത്ത്' എന്ന തെയ്യത്തിന്റെ പശ്ചാത്തലത്തിൽ നിർമ്മിച്ച ചലച്ചിത്രം

A) കൂടിയാട്ടം B) ചായില്യം C) ദേവക്കൂത്ത് D) മോഹനം

108. 'മലയാണ്മയുടെ സർഗ്ഗകവാടം' എന്നത് ഏതു സ്ഥാപനത്തിന്റെ ആപ്തവാക്യമാണ്.

| | | | |
|---|---|---|---|
| A) | കേരളസാഹിത്യ അക്കാദമി | B) | കേരള ലളിതകലാ അക്കാദമി |
| C) | കേരള ഫോക്‌ലോർ അക്കാദമി | D) | കേരള പ്രസ് അക്കാദമി |

109. ആരുടെ ഏതു കൃതിയിലാണ് അലങ്കാരവിഭജനം ഇല്ലാത്തത്.

| | | | |
|---|---|---|---|
| A) | ഭോജൻ – ശൃംഗാരപ്രകാശം | B) | രുയ്യകൻ – അലങ്കാരസർവ്വസ്വം |
| C) | ഭാമഹൻ – കാവ്യാലങ്കാരം | D) | മമ്മടൻ – കാവ്യപ്രകാശം |

110. ശരിയായ ഗണം ഏത്?

| | പട്ടിക 1 | പട്ടിക 2 |
|---|---|---|
| a) | കുലവധൂനാം കോപമാകാ,<br>പലരില്ലേ ലോകസാക്ഷികൾ | 1) നിവാതകവചകാലകേയവധം |
| b) | മാനധനന്മാരേ നിങ്ങളുമതു<br>മാനസേ ചിന്തിച്ചു വാഴുവിൻ | 2) ഉത്തരാസ്വയംവരം ആട്ടക്കഥ |
| c) | മദിച്ചു വെട്ടുവാൻ വന്ന മഹിഷത്തിനോടുസാമം,<br>വാദിച്ചാലതുകൊണ്ടേതും ഫലിച്ചീടുമോ? | 3) നളചരിതം 4–ാം ദിവസം |
| d) | ഗുരുജനകാരുണ്യം സകലസാധകമെന്നു<br>ഗുണമുള്ള മഹാജനം പറഞ്ഞുകേൾപ്പുണ്ടു<br>ഞാനും | 4) രുഗ്മിണീസ്വയംവരം ആട്ടക്കഥ |

| | | | |
|---|---|---|---|
| A) | a-3, b-4, c-2, d-1 | B) | a-3, b-4, c-1, d-2 |
| C) | a-4, b-3, c-1, d-2 | D) | a-3, b-1, c-2, d-4 |

111. 'മരുഭൂമികൾ ഉണ്ടാകുന്നത്' എന്ന നോവലുമായി ബന്ധമില്ലാത്തത്

A) സംസ്കാരത്തിന്റെ സംഘർഷങ്ങളെ ആവിഷ്കരിക്കുന്നു

B) അധികാരത്തെ അതിന്റെ ഇരുണ്ട വർണത്തിൽ ആവിഷ്കരിക്കുന്ന രീതി

C) സുരക്ഷാപദ്ധതി ജനങ്ങളുടെ സുരക്ഷയ്ക്കുള്ളതാണ്, അത് അധികാരത്തെ എക്കാലവും കാത്തുസൂക്ഷിക്കാനുള്ളതല്ല

D) മനുഷ്യമനസ്സിൽ മരുഭൂമികൾ ഏതുവിധത്തിൽ പടർന്നുകൊണ്ടിരിക്കുന്നു എന്ന ചോദ്യത്തിനുള്ള ഉത്തരമാണ്, ഈ കൃതിയിൽ ഉപേക്ഷിക്കപ്പെട്ടിരിക്കുന്ന അസ്തിത്വവാദദർശനം

112. കൃഷ്ണപുരം കൊട്ടാരത്തിന്റെ സവിശേഷതയല്ലാത്തത്
   A) മാർത്താണ്ഡവർമ്മ, കായംകുളത്തിനടുത്ത് പണികഴിപ്പിച്ചത്
   B) ഗജേന്ദ്രമോക്ഷം കഥയെ ഉദാഹരിക്കുന്നു
   C) ഇതുവരെ കണ്ടുകിട്ടിയിട്ടുള്ളതിൽവച്ച് ഏറ്റവും വലിയ ചുവർചിത്രമുള്ളത് ഇവിടെയാണ്.
   D) കേരളീയ വാസ്തുശില്പത്തിന് ഒരു മികച്ച മാതൃകയാണെന്ന് പറയാൻ കഴിയില്ല.

113. ആധുനികകാലത്ത് മലയാളത്തിലുണ്ടായ ആദ്യത്തെ പരിസ്ഥിതിവാദപരമായ പഠനഗ്രന്ഥം.
   A) പരിസ്ഥിതികവിതയ്ക്ക് – ഒരു ആമുഖം
   B) പരിസ്ഥിതിസൗന്ദര്യശാസ്ത്രം – ഒരു മുഖവുര
   C) ഹരിതനിരൂപണം മലയാളത്തിൽ
   D) പരിസ്ഥിതിവിചാരം മലയാളകവിതയിൽ

114. ശരിയായ ഗണം ഏത്?

| | പട്ടിക 1 | പട്ടിക 2 |
|---|---|---|
| a) | ഭാവനയുടെ പ്രകാശമാണ് കവിത | 1) കൗർതോപ്പ് |
| b) | ഛന്ദോബദ്ധമായ ഭാഷയിൽ ഭാവനാമയമായ വിചാരവും വികാരവും ആവിഷ്കരിച്ച് ആനന്ദം ജനിപ്പിക്കുന്ന കലയാണ് കവിത | 2) ഷെല്ലി |
| c) | മഹത്തായ വികാരങ്ങളുത്പാദിപ്പിക്കാൻ ഉതകുന്ന മഹത്തായ വിഷയങ്ങൾ ഭാവനയിൽ ക്കൂടി ചിത്രീകരിക്കുന്നതാണ് കവിത | 3) വാട്സ് ഡണ്ടൻ |
| d) | വികാരപൂർണവും താളബദ്ധവുമായ ഭാഷയിൽ മൂർത്തമായി, കലാസുഭഗമായി, മനുഷ്യഹൃദയം പ്രകാശിപ്പിക്കുന്നതാണ് കവിത | 4) റസ്കിൻ |

   A) a-3, b-4, c-2, d-1    B) a-2, b-1, c-4, d-3
   C) a-2, b-3, c-4, d-1    D) a-3, b-1, c-4, d-2

115. 'ഉൽകൃഷ്ടമായ ദേശഭാഷയാണ് കാവ്യരചനയ്ക്ക് ആവശ്യം. കവിതയും അതിനു ചേർന്ന ഭാഷയും ക്ലേശാവഹമായ വിപുലയത്നത്തിന്റെ ഫലമാണ്. മഹത്തായ പ്രതിപാദ്യം ഇല്ലാതെ ഗംഭീരമായ ശൈലി ഉണ്ടാവില്ല' – ആരുടെ ചിന്തയാണിത്?
   A) വില്യം വേർഡ്സ്‌വർത്ത്    B) ദാന്തെ
   C) കോളറിഡ്ജ്    D) ടി.എസ്. എലിയട്ട്

116. അറബിമലയാളത്തിന്റെ പ്രത്യേകതയല്ലാത്തത്.
   A) മലയാളഭാഷയിലെ മറ്റൊരു മണിപ്രവാളം. അറബിയും തമിഴും കേരളഭാഷയും കലർന്ന മിശ്രഭാഷ
   B) കേരളത്തിലെ മുസ്ലീം പണ്ഡിതന്മാർ മുസ്ലീങ്ങൾക്കുവേണ്ടി മാത്രം നിർമ്മിച്ച ഒരു ഭാഷാ വിശേഷം
   C) ഇസ്ലാമികസംസ്കാരത്തിന്റെ പ്രചാരത്തിനു കണ്ടെത്തിയ ഒരു മീഡിയം
   D) എങ്കിലും വിപുലമായ ഗ്രന്ഥസമ്പത്തുള്ള ഒരു സാഹിത്യഭാഷാഭേദമാണ് അറബിമലയാളം എന്നു പറയാൻ കഴിയില്ല.

117. സൂചകവും സൂചിതവും തമ്മിലുള്ള ബന്ധം ജൈവികമായ ഒന്നല്ലെന്നും അതു തികച്ചും ആരോപിതമായ ഒന്നാണെന്നും സാമൂഹികമായ ഒരു കീഴ്‌വഴക്കം മാത്രമാണ് അതിനെ നിലനിർത്തുന്നതെന്നും കരുതുന്നതാര്?
   A) സൊസ്യൂർ    B) റൊളാങ്ബാർത്ത്
   C) ഴാക്ക് ദെറിദ    D) ഴാക്ക് ലക്കാൻ

118. 'ക്ലാസിസിസം നിശ്ചേതനവും വിരസവുമാണെന്ന് റൊമാന്റിസിസ്റ്റുകൾ പറയും, റൊമാന്റിസിസം ബാലിശമാണെന്നും ഭ്രാന്താണെന്നും ക്ലാസിസിസ്റ്റുകളും പറയും. അബോധമനസ്സിന്റെ പ്രവർത്തനമില്ലെങ്കിൽ വൈകാരികചൈതന്യം കുറയും; ബോധമനസ്സിന്റെ പ്രവർത്തമില്ലെങ്കിൽ യാഥാർത്ഥ്യബന്ധവുമില്ലാതാകും. രണ്ടായാലും ദോഷമാണ്' – ആരുടെ ചിന്തയാണിത്?

A) റസ്സൽ
B) പ്രീസ്റ്റ്ലി
C) ടി.എസ്. എലിയട്ട്
D) സ്റ്റെന്താൾ

119. വാസ്തവോക്തി വിഭാഗത്തിൽപ്പെടുന്ന അലങ്കാരങ്ങൾ ഏവ?

A) അർത്ഥാപത്തി, അനുമാനം, വ്യാജസ്തുതി, ഉദാത്തം
B) ഉദാത്തം, വിരോധം, ഉല്ലേഖം, ദീപകം
C) വിഷമം, പരികരം, സമാസോക്തി, വക്രോക്തി
D)അനുപ്രാസം, അനുമാനം, ശ്ലേഷം, ഉദാത്തം

120. ചെമ്പുകുടം ചെപ്പുക്കുടം ആകുന്നതെങ്ങനെ?

A) അനുനാസികസംസർഗംകൊണ്ട്
B) ശബ്ദാന്തവർണ്ണം ഇരട്ടിച്ചതിനാൽ
C) സന്ധിവികാരംകൊണ്ട്
D) ഖരാദേശം ചെയ്തു ഇരട്ടിച്ചതുകൊണ്ട്

*****************